## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ 3871 — 31-01-2014-ൽ മറുപടിയ്ക്ക്

# ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിലെ പുതിയ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (ബഹുമാനപ്പെട്ട സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഖാദി-ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ എത്ര പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; ഇവയിലൂടെ എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചുവെന്ന് അറിയിക്കാമോ; | (എ) കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) അനുസരിച്ച് 2011-12 മുതൽ 2013-14 (31/12/2013- വരെ) വരെ 865 പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിയ്ക്കുകയും 5913 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് 2011-12 മുതൽ 2013-14 (31/12/2013 വരെ ) വരെ 1400 പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും 2500 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഗ്രാമീണ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും കുടിൽ വ്യവസായങ്ങളും മറ്റും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ പുരുഷൻമാർക്ക് പദ്ധതിച്ചെലവിന്റെ 25% സബ്സിഡി അനുവദിയ്ക്കും. പട്ടിക വിഭാഗങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ, മതന്യൂനപക്ഷ വിഭാഗങ്ങൾ, വികലാംഗർ, മിലിട്ടറി സേവനത്തിൽ നിന്ന് പിരിഞ്ഞവർ, സ്ത്രീകൾ, തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് പദ്ധതിച്ചെലവിന്റെ 35% വരെ മാർജിൻ മണി ഗ്രാന്റായി നൽകുന്നതാണ്.<br>സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അനുസരിച്ച് ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് പദ്ധതി തുകയുടെ 25% വരെയും പിന്നോക്ക വിഭാഗക്കാർക്കും വനിതകൾക്കും 30% വരെയും പട്ടിക |

ജാതി/പട്ടിക വർഗ്ഗക്കാർക്ക് 40% വരെയും മാർജിൻ മണി ഗ്രാന്റായി നൽകുന്നു.

(സി) സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകികൊണ്ട് സ്ത്രീകൾ മാത്രമായുള്ള ഗ്രാമീണ കുടിൽ വ്യവസായ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഏതെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്ത്രീകൾ മാത്രമുള്ള ഗ്രാമീണ കടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഖാദി ബോർഡ് നിലവിൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. എന്നാൽ സ്ത്രീകൾക്ക് ഗ്രാമീണ കടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ഖാദി ബോർഡ് നടപ്പാക്കിവരുന്ന സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടിയിലൂടെയും കേന്ദ്ര ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിലൂടെയും വായ്പയെടുക്കുന്ന സ്ത്രീ സംരംഭകർക്ക് 30% വരെ മാർജിൻ മണി നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ